**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്**
വികാസ് ഭവൻ, തിരുവനന്തപുരം- 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website: www.ecostat.kerala.gov.in

**നം: ഡിഇഎസ്/2318/2026-പിബി(3)** **തീയതി: 11-06-2026**

---

**ഡയറക്ടർ**

ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ്
സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്
കേരളാ യൂണിവേഴ്സിറ്റി കാര്യവട്ടം കാമ്പസ്/
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി/ കാലിക്കറ്റ് യൂണിവേഴ്സിറ്റി/
കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി/
സ്റ്റാറ്റിസ്റ്റിക്സ് ബിരുദാനന്തര ബിരുദ കോഴ്സുള്ള കേരളത്തിലെ ഇതര കോളേജുകൾ
(ഇമെയിൽ മുഖാന്തിരം)

സർ,

വിഷയം:- ഡിഇഎസ്- പ്രസിദ്ധീകരണ വിഭാഗം- 2026- ലെ സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷവുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും ലേഖന രചനാ മത്സരവും സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- 2026- ലെ സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷം.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. രാജ്യത്തിന്റെ സ്ഥിതിവിവരക്കണക്ക് സംവിധാന ശൃംഖല രൂപപ്പെടുത്തുന്നതിന് വിലമതിക്കാനാവാത്ത സംഭാവന നൽകിയ പ്രൊഫ. പി. സി. മഹലനോബിസ്- ന്റെ ജന്മവാർഷിക ദിനമായ ജൂൺ 29-ാം തീയതി ഓരോ വർഷവും ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആഘോഷിക്കുന്നു. 2026- ലെ ഇരുപതാം സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷത്തിന്റെ ഭാഗമായി, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, കേരളത്തിൽ അംഗീകൃത സർവകലാശാലകളുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്ന സ്റ്റാറ്റിസ്റ്റിക്സ് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി സംസ്ഥാനതല ക്വിസ് മത്സരവും ലേഖന രചനാ മത്സരവും സംഘടിപ്പിക്കുന്നു. വിശദാംശങ്ങൾ ചുവടെ പരാമർശിക്കുന്നു.

**<u>സംസ്ഥാനതല ക്വിസ് മത്സരം: Quiz Tics 2026</u>**

ഇന്ത്യൻ ഒഫീഷ്യൽ സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റം (Indian Official Statistical System), സുസ്ഥിരവികസന ലക്ഷ്യങ്ങൾ (SDG), സിസ്റ്റം ഓഫ് എൻവയോൺമെന്റൽ അക്കൗണ്ടിംഗ് (SEEA), ജനറൽ മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, എക്കണോമിക്സ്, ഡാറ്റ അനാലിസിസ് ആപ്റ്റിറ്റ്യൂഡ് തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയാണ് ക്വിസ് മത്സരം നടത്തുന്നത്. രണ്ട് വിദ്യാർത്ഥികൾ അടങ്ങുന്ന ടീമായിട്ടാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്. അതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

**മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ:**

1st Prize: Rs. 3,000/-, Memento & Certificate
2nd Prize: Rs. 2,000/-, Memento & Certificate
3rd Prize: Rs. 1,000/-, Memento & Certificate

ഫൈനൽ റൗണ്ടിൽ പങ്കെടുക്കുന്ന എല്ലാ മത്സരാർത്ഥികൾക്കും Certificate of Participation നൽകുന്നതാണ്. മത്സരത്തിന്റെ നിബന്ധനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം I- ൽ നൽകിയിട്ടുണ്ട്.

**<u>സംസ്ഥാനതല ലേഖന രചനാ മത്സരം: Unlocking the Potential of Administrative Data</u>**

2026 ലെ ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിന പ്രമേയമായ "Unlocking the Potential of Administrative Data" എന്ന വിഷയത്തിൽ ലേഖന രചനാ മത്സരം സംഘടിപ്പിക്കുന്നു. വ്യക്തിഗത ഇനമായിട്ടാണ് ഈ മത്സരം സംഘടിപ്പിക്കുന്നത്. മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന മത്സരാർത്ഥികൾക്ക് മെമന്റോയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. മത്സരത്തിന്റെ നിബന്ധനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം II- ൽ നൽകിയിട്ടുണ്ട്.

മത്സരങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ, നിബന്ധനകൾ എന്നിവയ്ക്കായി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

https://www.ecostatkerala.gov.in/

കൂടുതൽ വിവരങ്ങൾക്കായി ചുവടെപ്പറയുന്ന ഉദ്യോഗസ്ഥരെയോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

1. ശ്രീ. പ്രേമരാജൻ. ഇ. വി, ജോയിന്റ് ഡയറക്ടർ (പി.പി.സി)- മൊബൈൽ

നമ്പർ- **88482 02160**

2. ശ്രീ. സജിൻ ഗോപി, അസിസ്റ്റന്റ് ഡയറക്ടർ (സ്റ്റേറ്റ് ഇൻകം)- മൊബൈൽ നമ്പർ- **89431 93937**
3. ശ്രീ. വിജയ്. ആർ, അസിസ്റ്റന്റ് ഡയറക്ടർ (പി.പി.സി)- മൊബൈൽ നമ്പർ- **98950 90532**
4. ഇമെയിൽ വിലാസം: **desstatday2026@gmail.com**

താങ്കളുടെ സ്ഥാപനത്തിലെ സ്റ്റാറ്റിസ്റ്റിക്സ് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളെ ടീമായി ക്വിസ് മത്സരത്തിലും വ്യക്തിഗതമായി ലേഖന രചനാ മത്സരത്തിലും പങ്കെടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Digitally signed by
Shailamma K
Date: 11-06-2026
17:10:44

**DIRECTOR**

പകർപ്പ്:-ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം- വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.

# അനുബന്ധം I

## സംസ്ഥാനതല ക്വിസ് മത്സരം: Quiz Tics 2026

## നിബന്ധനകൾ

1. രണ്ട് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന ടീമായിരിക്കണം മത്സരത്തിൽ പങ്കെടുക്കേണ്ടത്. ഒരു കോളേജ്/ സ്ഥാപനത്തിൽ നിന്ന് ഒന്നിലധികം ടീമുകൾക്ക് പങ്കെടുക്കാവുന്നതാണ്.
2. രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനുള്ള അവസാന തീയതി **17.06.2026** ആണ്. രജിസ്ട്രേഷനുള്ള **Google Form** ലിങ്ക് ചുവടെ ചേർക്കുന്നു. **https://forms.gle/P71RkUjjG9XSvsKo9**
3. രജിസ്ട്രേഷൻ പൂർത്തിയാക്കിയ ടീമുകൾക്ക് സ്ക്രീനിംഗ് ടെസ്റ്റുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇ-മെയിൽ/മൊബൈൽ ഫോൺ മുഖേന അറിയിക്കുന്നതാണ്.
4. **19.06.2026** ന് ഓൺലൈനായി സ്ക്രീനിംഗ് ടെസ്റ്റ് നടത്തുന്നതാണ്. ഇതിൽ നിന്ന് **6** ടീമുകളെ ഫൈനൽ മത്സരത്തിനായി തിരഞ്ഞെടുക്കുന്നതാണ്.
5. സ്ക്രീനിംഗ് ടെസ്റ്റിൽ പങ്കെടുക്കുന്നതിനാവശ്യമായ ഇന്റർനെറ്റ് സൗകര്യവും ഉപകരണങ്ങളും മത്സരാർത്ഥികൾ തന്നെ ഉറപ്പുവരുത്തേണ്ടതാണ്.
6. **27.06.2026** ന് ഉച്ചയ്ക്ക് **02.00** മണിക്ക് തിരുവനന്തപുരം വികാസ് ഭവനിലെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിൽ വച്ച് ഫൈനൽ മത്സരം നടത്തുന്നതാണ്.
7. ഫൈനൽ റൗണ്ടിൽ പങ്കെടുക്കുന്ന ടീമുകൾ ബന്ധപ്പെട്ട കോളേജ്/ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
8. ഫൈനൽ റൗണ്ടിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ സാധുവായ കോളേജ് ഐഡന്റിറ്റി കാർഡ് ഹാജരാക്കേണ്ടതാണ്.
9. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്തയോ മറ്റ് ആനുകൂല്യങ്ങളോ അനുവദിക്കുന്നതല്ല.
10. മത്സരവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.
11. വകുപ്പിന്റെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ മത്സരക്രമത്തിൽ മാറ്റം വരുത്തേണ്ട സാഹചര്യം ഉണ്ടായാൽ, അതുസംബന്ധിച്ച അന്തിമ തീരുമാനം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
12. തെറ്റായ വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്തതായി കണ്ടെത്തുന്ന ടീമുകളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതാണ്.
13. ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ടീമുകളുടെ വിവരങ്ങൾ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും ഇ-മെയിൽ മുഖേന അറിയിക്കുന്നതുമാണ്.

14. ഫൈനൽ റൗണ്ടിൽ പങ്കെടുക്കുന്ന ടീമുകളുടെ യാത്ര, താമസം, മറ്റ് ചെലവുകൾ എന്നിവ ബന്ധപ്പെട്ട മത്സരാർത്ഥികൾ/സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണ്.

# അനുബന്ധം II

## സംസ്ഥാനതല ലേഖന രചനാ മത്സരം: Unlocking the Potential of Administrative Data

## നിബന്ധനകൾ

1. രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനുള്ള അവസാന തീയതി **18.06.2026** ആണ്.
2. രജിസ്ട്രേഷനുള്ള **Google Form** ലിങ്ക് ചുവടെ ചേർക്കുന്നു: **https://forms.gle/AN2FfRXwccKXEcMW7**
3. ലേഖനങ്ങൾ **21.06.2026** രാത്രി **11.59** മണിക്ക് മുൻപായി നിശ്ചിത ഇ-മെയിൽ വിലാസത്തിൽ ലഭിക്കേണ്ടതാണ്.
4. **Google Form** മുഖേന രജിസ്ട്രേഷൻ പൂർത്തിയാക്കിയ മത്സരാർത്ഥികളുടെ ലേഖനങ്ങൾ മാത്രമേ മത്സരത്തിനായി പരിഗണിക്കുകയുള്ളു. രജിസ്ട്രേഷൻ പൂർത്തിയാക്കാതെ ലഭിക്കുന്ന ലേഖനങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
5. മത്സരാർത്ഥി ഒരു ലേഖനം മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ.
6. ലേഖനം ഇംഗ്ലീഷിൽ തയ്യാറാക്കി **PDF** രൂപത്തിൽ സമർപ്പിക്കേണ്ടതാണ്.
7. ലേഖനം മത്സരാർത്ഥിയുടെ സ്വന്തം സൃഷ്ടിയായിരിക്കണം. മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്ന് പകർത്തിയതോ നിർമ്മിത ബുദ്ധി ഉപയോഗിച്ച് തയ്യാറാക്കിയതോ ആയ ലേഖനങ്ങൾ മത്സരത്തിൽ നിന്ന് അയോഗ്യമാക്കുന്നതാണ്.
8. ലേഖനത്തിന്റെ പരമാവധി വാക്കുകളുടെ എണ്ണം **2000** ആയിരിക്കും.
9. ലേഖനത്തോടൊപ്പം മത്സരാർത്ഥിയുടെ പേര്, കോളേജ്/സ്ഥാപനത്തിന്റെ പേര്, കോഴ്സ്, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ, ഒരു പ്രത്യേക പേജിൽ, രേഖപ്പെടുത്തേണ്ടതാണ്.
10. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന എൻട്രികൾ പരിഗണിക്കുന്നതല്ല.
11. മത്സരാർത്ഥി നിലവിൽ സ്റ്റാറ്റിസ്റ്റിക്സ് ബിരുദാനന്തര ബിരുദ കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന കോളേജ്/സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രമോ കോളേജ് ഐഡന്റിറ്റി കാർഡിന്റെ പകർപ്പോ ലേഖനത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.
12. മത്സരാർത്ഥി സമർപ്പിക്കുന്ന ലേഖനം മറ്റേതെങ്കിലും മത്സരത്തിനോ പ്രസിദ്ധീകരണത്തിനോ സമർപ്പിച്ചതോ പ്രസിദ്ധീകരിച്ചതോ ആയിരിക്കരുത്.
13. ലേഖനങ്ങളുടെ മൂല്യനിർണയത്തിനും വിജയികളെ തിരഞ്ഞെടുക്കുന്നതിനുമായി വകുപ്പ് നിയോഗിക്കുന്ന വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
14. മത്സരവുമായി ബന്ധപ്പെട്ട നിബന്ധനകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള അന്തിമ തീരുമാനം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.